"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - കുമാരി.അനുഗ്രഹ.ജെ-യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.38/2024/TAXES　തീയതി,തിരുവനന്തപുരം, 26-06-2024

---

പരാമർശം:-

1. 07.06.2007 ലെ സ.ഉ(പി) നം.32/2007/പ്ലാനിംഗ്
2. 05.06.2010 ലെ സ.ഉ(പി) നം.28/2010/പ്ലാനിംഗ്
3. 22.11.2018 ലെ സ.ഉ(പി) നം.18/2018/പ്ലാനിംഗ്
4. 26.08.2023 ലെ സ.ഉ(പി) നം.17/2023/പ്ലാനിംഗ്
5. കുമാരി.അനുഗ്രഹ.ജെ, കൃഷ്ണകൃപ, കുഴിയിൽമുക്ക്, ആറ്റിങ്ങൽ, തിരുവനന്തപുരം-695101 എന്നയാൾ സമർപ്പിച്ച 16.01.2023 തീയതിയിലെ അപേക്ഷ
6. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 24.01.2023 തീയതിയിലെ 4103 നമ്പർ കത്ത്.
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.01.2024 തീയതിയിലെ DCTVM/2490/2023-S6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ ഡെസ്പാച്ച് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട ജോയ്.എസ്-ന്റെ മകൾ കുമാരി.അനുഗ്രഹ.ജെ, കൃഷ്ണകൃപ,കുഴിയിൽമുക്ക്, ആറ്റിങ്ങൽ, തിരുവനന്തപുരം എന്നയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) മരണപ്പെട്ട ജോയ്.എസ്, കെ.എസ്.എഫ്.ഇ-യിൽ 20.03.1996 ന് ജോലിയിൽ പ്രവേശിച്ചതായും ടിയാന്റെ ജനന തിയതി 01.04.1971 ഉം, ടിയാന്റെ മരണ തിയതി 15.05.2021 ഉം ടിയാന്റെ സേവനകാലം 25 വർഷം 1 മാസം 26 ദിവസം ആയിരുന്നുവെന്നും കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

3) ചിറയിൻകീഴ് തഹസീൽദാർ നൽകിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം

മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികളായി മാതാവ് കമല.കെ, ഭാര്യ ജീജ.എം, മകൻ കൃഷ്ണജിത്ത്.ജെ, മകൾ അനുഗ്രഹ.ജെ എന്നിവരാണുള്ളത്. കുമാരി.അനുഗ്രഹ.ജെ-യ്ക്ക് ആശ്രിത നിയമന പ്രകാരമുള്ള ജോലി നൽകുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് മൂന്ന് പേരുടെയും സമ്മതപത്രം, പരാമർശം (4) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി എന്നിവ അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്.

4) അപേക്ഷകയുടെ ജനനതീയതി 03.12.2004 ആണെന്നും ടിയാൾ പ്ലസ് ടു പാസ്സായിട്ടുണ്ടെന്നും അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയാണെന്നും പരേതന്റെ മറ്റ് ആശ്രിതർ ആരും തന്നെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം മുൻപ് അപേക്ഷ നൽകുകയോ നിയമനം നേടുകയോ ചെയ്തിട്ടില്ലെന്നും, ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, കെ.എസ്.എഫ്.ഇ യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ടിയാളിന് ആശ്രിതനിയമനം നൽകാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (7) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ, കുമാരി.അനുഗ്രഹ.ജെ-യുടെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും, അതിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടിയാൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, കെ.എസ്.എഫ്.ഇ-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിന് അർഹയാണെന്ന് കണ്ടെത്തുകയുണ്ടായി.

6) മേൽ സാഹചര്യത്തിൽ, കെ.എസ്.എഫ്.ഇ-യിൽ ഡെസ്പാച്ച് അസിസ്റ്റന്റ് തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജോയ്.എസ്-ന്റെ മകൾ കുമാരി.അനുഗ്രഹ.ജെ-യെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, കെ.എസ്.എഫ്.ഇ-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) അപേക്ഷകയുടെ സ്വഭാവം, പൂർവ്വചരിത്രം എന്നിവ പരിശോധിച്ച് പരാമർശം (1), (2), (3), (4) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചതായോ, മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുക യാണെങ്കിലോ, നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്യുന്ന പക്ഷം നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

9) കുമാരി.അനുഗ്രഹ.ജെ-യ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിയ്ക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, കെ.എസ്.എഫ്.ഇ-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയ വിവരം, കെ.എസ്.എഫ്.ഇ-യിൽ ഡെസ്പാച്ച് അസിസ്റ്റന്റ് തസ്തികയിൽ സേവനത്തിലിരിയ്ക്കെ മരണപ്പെട്ട ജോയ്.എസ്-ന്റെ സർവ്വീസ് ബുക്കിലും, ടിയാൻ സർവ്വീസിന്റെ അവസാന കാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കേണ്ടതും ആയത് ഓഫീസ്/സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ, തൃശ്ശൂർ
2. കുമാരി.അനുഗ്രഹ.ജെ, കൃഷ്ണകൃപ, കുഴിയിൽമുക്ക്, ആറ്റിങ്ങൽ, തിരുവനന്തപുരം-695101 (മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം-രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, തിരുവനന്തപുരം
6. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (01.03.2024 ലെ PLGEA-BPE2/26/2024)
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/56/2023-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 26-06-2024 16:31:34**

സെക്ഷൻ ഓഫീസർ